Draft #4 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Mar-2021 08:09 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

CAT 2021 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03. 03.2021 ചേർന്ന സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പ് മേധാവിമാരുടെയും CAT 2021 മോണിറ്ററിംഗ് സമതി അംഗങ്ങളുടെയും സംയുക്ത യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1384/AC B 7/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 06.03.2021

---

*പരാമർശം:*-CAT 2021 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03.03.2021, 02.00 പി.എം ന് ബഹു.വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പ് മേധാവിമാരുടെയും CAT 2021 മോണിറ്ററിംഗ് സമതി അംഗങ്ങളുടെയും സംയുക്ത യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

CAT 2021 പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03.03.2021, 02.00 പി.എം ന് ബഹു.വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പ് മേധാവിമാരുടെയും CAT 2021 മോണിറ്ററിംഗ് സമതി അംഗങ്ങളുടെയും സംയുക്ത യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു..

1. എം.എസ്.സി ഫിസിക്സ്, എൽ.എൽ.എം, മാസ്റ്റർ ഓഫ് ടൂറിസം സ്റ്റഡീസ് ആൻഡ് ട്രാവൽ മാനേജ്മെൻറ്, എം.എ ഹിസ്റ്ററി, എം.എ ആന്ത്രോപോളജി, എം.എസ്.സി കെമിസ്ട്രി, മാസ്റ്റർ ഓഫ് എഡ്യൂക്കേഷൻ എന്നീ പ്രോഗ്രാമുകളിലേക്ക് ഈ വർഷത്തെ പ്രവേശനത്തിനായി ഇൻറർവ്യൂ / ജി.ഡി / എഴുത്തു പരീക്ഷാ നടത്തേണ്ടതില്ല എന്നും സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് എന്നീ പഠന വകുപ്പുകളിലെ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി മുൻ വർഷത്തെ CAT പ്രോസ്പെക്ടസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിലും മറ്റ് പഠന വകുപ്പുകളിലെ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി ഒബ്ജക്റ്റീവ് പരീക്ഷയ്ക്കുള്ള 80 മാർക്ക് കൂടാതെ 20 മാർക്കിൻറെ ഇൻറ്റർവ്യൂ / ജി.ഡി / എഴുത്തുപരീക്ഷ എന്നിവയിൽ ഏതെങ്കിലും പഠന വകുപ്പുകളുടെ താൽപര്യപ്രകാരം നടത്താവുന്നതാണെന്നും ശിപാർശ ചെയ്തു.

2. എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്, എം.ടെക് എനർജി സയൻസ്, ഇൻ്റഗ്രേറ്റഡ് പ്രോഗ്രാമുകൾ എന്നിവ 2021-22 അക്കാദമിക വർഷത്തെ പ്രവേശനത്തിനായി വിജ്ഞാപനം ചെയ്യേണ്ടതില്ലെന്നും MSc Artificial Intelligence and Machine Learning പ്രോഗ്രാമിലേക്ക് നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ വളരെ കുറവായതിനാൽ 2021 വർഷത്തെ പ്രവേശനത്തിനായി അപേക്ഷ ക്ഷണിക്കുവാനും നിലവിൽ അപേക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കി ഫീസ് തിരികെ നൽകുവാനും അല്ലാത്തപക്ഷം 2021 ലെ പ്രവേശന പ്രക്രിയയിലേക്ക് (എൻട്രൻസ് അടിസ്ഥാനമാക്കിയുള്ളത് ) പരിഗണിക്കുവാനും ശിപാർശ ചെയ്തു.

3. സർവ്വകലാശാലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ള പഠന വകുപ്പായ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടത്തുന്ന പ്രോഗ്രാമായ എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിലെ പ്രവേശനം CAT ൽ ഉൾപ്പെടുത്തി നടത്തുവാൻ ശിപാർശ ചെയ്തു.

4. സർവ്വകലാശാലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ള പഠന വകുപ്പുകൾക്കായി ഓൺലൈൻ ചോദ്യ ബാങ്കിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുവാനും ചോദ്യ ബാങ്കിൽ നിലവിലുള്ള ഡിപ്പാർട്ട്മെൻ്റുകളടക്കം പരമാവധി ചോദ്യങ്ങൾ ചേർക്കുവാനും ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റൻ്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(3) CAT 2021 മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Mar-2021 08:09 AM - Page 2

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5) വിവിധ പഠന വകുപ്പുകൾ/ ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ മേധാവിമാർക്ക്

(6) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ,പി.ആർ.ഒ

(7) എ.സി.എ 1.എ.സി.എ 5.എ.ഡി.എ 11

(8 ) എ.ആർ 4 (അക്കാദമിക് )

(9) സിറ്റാഡ്

(10 ) ഫയൽ കോപ്പി

Draft #4 of File 51328/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Mar-2021 08:09 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം